**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5756** **08-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് കൂടുതൽ മുതൽ മുടക്കുന്നവരെ ആകർഷിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നത് ഒരു നയമായി സർക്കാർ സ്വീകരിച്ചിട്ടുണ്ട് . സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നിക്ഷേപകർക്ക് പ്രോത്സാഹനവും സഹായവും നൽകാൻ സർക്കാർ വിവിധ നടപടികൾ സ്വീകരിക്കുകയും ഇതിനുവേണ്ടി നിയമ നിർമാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ നടപ്പിലാക്കിയിട്ടുമുണ്ട് . 2018-ൽ നടപ്പിലാക്കിയ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം', 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശത്തോടെ നടപ്പിലാക്കിയവയാണ് . സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി സർക്കാർ ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നടപ്പിലാക്കിയിട്ടുണ്ട്. ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രത്യേക ഓൺലൈൻ സംവിധാനം മുഖേന വ്യവസായ സംരംഭകർക്ക് 21 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നുണ്ട്. ദേശീയ ശ്രദ്ധ ആകർഷിച്ച പ്രസ്തുത സംവിധാനം മുഖേന നിയമാനുസൃതമായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള നിയമങ്ങൾ പ്രകാരം പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസവും ബുദ്ധിമുട്ടും ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി കെ-സിസ് (Kerala-CentraIised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ |

നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും, നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും, സംസ്ഥാനത്തെ മികച്ച സാമ്പത്തിക വളർച്ചാ സാധ്യതകളുള്ള മേഖലകളിലേക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 'കേരളാ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ സെൽ (KIPF)' സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ മേൽപ്പറഞ്ഞ സെല്ലുകളിൽ അംഗങ്ങളാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരി- ക്കുന്നതിനും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്ന- തിലേക്കായി സർക്കാർ 2021 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനം നടത്തി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് NUALS വൈസ് ചാൻസലർ ചെയർമാനായി മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും പ്രസ്തുത സമിതി വ്യവസായ സംഘടനകളുമായും, വ്യവസായ സംരംഭക സമൂഹവുമായും കൂടിയാലോചന നടത്തി പ്രവർത്തനം തുടർന്നുവരുന്നു. സംസ്ഥാനത്ത് വ്യവസായിക നിക്ഷേപം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തിവരികയാണ്. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പു സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് അടിയന്തിരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച നടത്തിവരുന്നു . കൂടാതെ വ്യവസായ പുരോഗതി കൈവരിക്കുന്നതിനും വ്യവസായ രംഗത്ത് കൊണ്ടുവരേണ്ട കാതലായ മാറ്റങ്ങളെ സംബന്ധിച്ചും വിവിധ വ്യവസായ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി ബഹു. വ്യവസായ വകുപ്പ് മന്ത്രി നിശ്ചിത കാലയളവുകളിൽ കൂടിക്കാഴ്ച നടത്തി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് എല്ലാ വർഷവും ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | കോവിഡ് പശ്ചാലത്തിൽ നിലവിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുന്നത് പരിഗണനയിലില്ല. പകരം ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തി വരുന്നുണ്ട്. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ച നടത്തിവരുന്നു . കൂടാതെ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തി വരുന്നു. |
| (സി) | ഇത്തരം സംവിധാനങ്ങളുടെ പുരോഗതി മാസംതോറും വിലയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കോവിഡ് പശ്ചാലത്തിൽ നിലവിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുന്നത് പരിഗണനയിലില്ല. പകരം ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിനായി 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തി വരുന്നുണ്ട്. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ സെക്രട്ടറിമാർ, വിവിധ വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലും നടത്തിവരുന്ന പ്രസ്തുത പരിപാടിയിൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഇടപെടേണ്ട പല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട്. ഇതിനകം 10 ജില്ലകളിൽ തന്നെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. അവയുടെ തുടർനടപടികൾ വിവിധ ഏജൻസികളുമായി ഏകോപിപ്പിച്ചു നടത്തിവരുന്നു . കൂടാതെ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി ' മീറ്റ് ദ ഇൻവെസ്റ്റർ ' എന്ന പരിപാടിയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ